## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 724 05.02.2020 ലെ മറുപടിയ്ക്ക്

### ആശ്രിതർക്ക് ധനസഹായം

| | ചോദ്യം<br><br>ശ്രീ.വി.കെ.സി. മമ്മത് കോയ | | മറുപടി<br><br>എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതിയിൽപ്പെട്ട കുടുംബത്തിലെ കുടുംബനാഥൻ മരണപ്പെട്ടാൽ അർഹരായ ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ടോ; പരമാവധി എത്ര തുകയാണ് ഇത്തരത്തിൽ ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ; | എ) | ഉണ്ട്. 22.11.2018 ലെ സ.ഉ(കൈ)നം.85/18/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 50,000/-രൂപയിൽ നിന്ന് ധനസഹായം 2,00,000/-(രണ്ട് ലക്ഷം രൂപ മാത്രം) രൂപയായി ഉയർത്തിയിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഈ സഹായം ലഭ്യമാക്കി; കോഴിക്കോട് ജില്ലയുടെ കണക്ക് പ്രത്യേകം നൽകാമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 624 പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 100 പേർക്കായി 1,12,50,000/-രൂപ (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ